## യൂണിറ്റ് 25 : സ്കൂൾവിക്കി - സെക്കണ്ടറി - ഹയർസെക്കണ്ടറി വിദ്യാലയങ്ങളിലെ ക്ലബ്ബുകൾ

- വിദ്യാലയത്തിൽ നിരവധി ക്ലബ്ബുകളുണ്ട്. എല്ലാ വിദ്യാലയത്തിലും എല്ലാ ക്ലബ്ബുകളും ഉണ്ടാവമെന്നില്ല. നിലവിലുള്ള ക്ലബ്ബുകൾക്ക് മാത്രമേ സ്കൂൾവിക്കിയിൽ പേജ് സൃഷ്ടിക്കാവൂ. ക്ലബ്ബ് നിലവിലില്ല എന്ന അറിയിപ്പ് നൽകാൻ താൾ സൃഷ്ടിക്കരുത്.

സെക്കണ്ടറി - ഹയർസെക്കണ്ടറി സ്കൂളുകളിൽ പൊതുവേ കാണപ്പെടുന്ന ക്ലബ്ബുകളുടെ കണ്ണികൾ **ഇൻഫോബോക്സിനുതാഴെയായി** നൽകിയിട്ടുണ്ട്. അധികമായി സവിശേഷമായ ക്ലബ്ബുകളുണ്ടെങ്കിൽ, **മറ്റു ക്ലബ്ബുകൾ** എന്ന കണ്ണി വഴി സൃഷ്ടിക്കാം. അത് ചെയ്യുന്നതെങ്ങനെയെന്ന് Unit 24 ൽ വ്യക്തമാക്കിയിട്ടുണ്ട്.




നിലവിൽ സൃഷ്ടിക്കപ്പെട്ട താളുകളുടെ കണ്ണി നീലയിലും പേജ് നിലവിലില്ലാത്തവ ചുവപ്പിലും കാണപ്പെടുന്നു.

## ക്ലബ്ബുകൾ

ലിറ്റിൽകൈറ്റ്സ് (?)

ഗ്രന്ഥശാല (?)

എൻ.സി.സി (?)

എൻ.എസ്.എസ് (?)

സ്റ്റുഡന്റ് പോലീസ് കാഡറ്റ് (?)

സ്കൗട്ട് & ഗൈഡ്സ് (?)

ജൂനിയർ റെഡ് ക്രോസ് (?)

വിദ്യാരംഗം (?)

**ഓരോ ക്ലബ്ബിന്റെ പേരിനും നേരെയുള്ള Question Mark (?) കാണുക. അതിൽ ക്ലിക്ക് ചെയ്ത് നോക്കുക**

## സഹായം:വിദ്യാരംഗം

https://schoolwiki.in/sw/1hf

കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിനു വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന സംരംഭമാണ് വിദ്യാരംഗം കലാസാഹിത്യവേദി. മനുഷ്യത്വം വളർത്തിയെടുക്കുക എന്ന ലക്ഷ്യമാണ് വിദ്യാരംഗം കലാസാഹിത്യവേദിക്കുള്ളത്. വിദ്യാരംഗം കൺവീനറുടെ നേതൃത്വത്തിൽ സ്കൂളിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ടിംഗ് ഈ പേജിലൂടെ ചെയ്യാവുന്നതാണ്.

Vidhyarangam Logo.jpeg

- വിദ്യാരംഗം യൂണിറ്റ് ഉണ്ടെങ്കിൽ മാത്രമേ ഈ താൾ സൃഷ്ടിക്കാവൂ. യൂണിറ്റ് ഇല്ല എന്ന് വിവരിക്കാൻ പേജ് സൃഷ്ടിക്കരുത്.
- യൂണിറ്റിന്റെ നേതൃത്വത്തിൽ നടക്കുന്ന **ശ്രദ്ധേയമായ തനതുപ്രവർത്തനങ്ങൾ** രേഖപ്പെടുത്തണം. ഇതിൽ മാനദണ്ഡങ്ങൾ പാലിച്ച് ചിത്രങ്ങൾ ചേർക്കാം.
- ഓരോ വർഷത്തെയും വിവരങ്ങൾ ഉൾപ്പെടുത്താൻ പഴയവ മായ്ക്കരുത്. പുതിയ വിവരങ്ങൾ, താഴെത്താഴെയായോ ഉപതാളുകളായോ ഉൾപ്പെടുത്തുക.

***ഓരോ ക്ലബ്ബിലും എന്തൊക്കെ ചേർക്കാം എന്ത് ചേർക്കരുത് എന്ന് സഹായം പേജുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.***



# സഹായം:മറ്റ്ക്ലബ്ബുകൾ

https://schoolwiki.in/sw/6wu

- മറ്റ്ക്ലബ്ബുകൾ ഉണ്ടെങ്കിൽ മാത്രമേ ഈ താൾ സൃഷ്ടിക്കാവൂ. യൂണിറ്റ് ഇല്ല എന്ന് വിവരിക്കാൻ പേജ് സൃഷ്ടിക്കരുത്.
- ഓരോ വർഷത്തേയും കുട്ടികളുടെ പട്ടിക ചേർക്കാം. ഓരോ അംഗത്തിന്റേയും ചിത്രം ചേർക്കുന്നുവെങ്കിൽ വളരെ ചെറുതായി (50px) പട്ടികയിൽത്തന്നെ ഉൾപ്പെടുത്തുക. അല്ലെങ്കിൽ ഓരോ യൂണിറ്റിന്റേയും ഒരു ഗ്രൂപ്പ് ഫോട്ടോ (ചാർജ്ജ് വഹിക്കുന്ന അദ്ധ്യാപകർ ഉൾപ്പെടെ) ചേർക്കാം.
- യൂണിറ്റിന്റെ നേതൃത്വത്തിൽ നടക്കുന്ന **ശ്രദ്ധേയമായ തനതുപ്രവർത്തനങ്ങൾ** രേഖപ്പെടുത്തണം. ഇതിൽ മാനദണ്ഡങ്ങൾ പാലിച്ച് ചിത്രങ്ങൾ ചേർക്കാം.
- ഓരോ വർഷത്തേയും വിവരങ്ങൾ ഉൾപ്പെടുത്താൻ പഴയവ മായ്ക്കരുത്. പുതിയ വിവരങ്ങൾ, താഴെത്താഴെയായോ ഉപതാളുകളായോ ഉൾപ്പെടുത്തുക.

**ഓരോന്നിലേയും നിർദ്ദേശങ്ങൾ മനസ്സിലാക്കുക**



| ക്ലബ്ബുകൾ | |
|---|---|
| ലിറ്റിൽകൈറ്റ്സ് | (?) |
| ഗ്രന്ഥശാല | (?) |
| എൻ.സി.സി | (?) |
| എൻ.എസ്.എസ് | (?) |
| സ്റ്റുഡന്റ് പോലീസ് കാഡറ്റ് | (?) |
| സ്കൗട്ട് & ഗൈഡ്സ് | (?) |
| ജൂനിയർ റെഡ് ക്രോസ് | (?) |
| വിദ്യാരംഗം | (?) |
| സോഷ്യൽ സയൻസ് ക്ലബ്ബ് | (?) |
| സയൻസ് ക്ലബ്ബ് | (?) |
| ഗണിത ക്ലബ്ബ് | (?) |
| പരിസ്ഥിതി ക്ലബ്ബ് | (?) |
| ആർട്സ് ക്ലബ്ബ് | (?) |
| സ്പോർട്സ് ക്ലബ്ബ് | (?) |
| ടൂറിസം ക്ലബ്ബ് | (?) |
| ആനിമൽ ക്ലബ്ബ് | (?) |
| [illegible] | (?) |
| മറ്റ്ക്ലബ്ബുകൾ | (?) |

**ക്ലബ്ബുകൾ സൃഷ്ടിക്കപ്പെട്ടപ്പോൾ കണ്ണികൾ നീലയായത് ശ്രദ്ധിക്കുക. ഈ വിദ്യാലയത്തിൽ എൻ.എസ്.എസ്. യൂണിറ്റ് ഇല്ലാ എന്ന് അനുമാനിക്കാം.**

രണ്ടായിരത്തോളം ഹൈസ്കൂളുകളിൽ ലിറ്റിൽകൈറ്റ്സ് യൂണിറ്റുകളുണ്ട്. ഇവയിലെ ലിറ്റിൽകൈറ്റ്സ് ക്ലബ്ബ് പ്രത്യേകമായി ശ്രദ്ധിക്കുക. Schoolwiki Award, Haritha Vidyalayam Reality Show, Little Kites Award മൽസരങ്ങളിലെ വിദ്യാലയത്തിന്റെ പ്രകടനം, വിദ്യാഭ്യാസവകുപ്പുമായി ബന്ധപ്പെട്ട വിവിധ ഏജൻസിൽ നടത്തുന്ന വിദ്യാലയ മികവുകളുടെ മൂല്യനിർണ്ണയം ,  Little Kites വിദ്യാർത്ഥികളുടെ ഗ്രേസ്മാർക്ക് ഉൾപ്പെടെയുള്ള കാര്യങ്ങൾ എന്നിവയ്ക്ക് സ്കൂൾവിക്കി പരിശോധിക്കപ്പെടുന്നുണ്ട്. ലിറ്റിൽകൈറ്റ്സ് ക്ലബ്ബുകൾ അപ്ഡേറ്റ്ചെയ്യപ്പെടേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുക.

ഒരേസമയം തന്നെ, Little Kites ന്റെ 3 ബാച്ചുകൾ ($8^{th}$, $9^{th}$, $10^{th}$) ഒരു വിദ്യാലയത്തിൽ പ്രവർത്തിക്കുന്നുണ്ടാവും. ഇവയുടെയെല്ലാം പ്രവർത്തനങ്ങൾ ഒറ്റപ്പേജിൽ ചേർക്കുമ്പോഴുണ്ടാകുന്ന സങ്കീർണ്ണത ഒഴിവാക്കാൻ പ്രത്യേക ടാബ് ചേർത്ത് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് പേജ് പരിഷ്ക്കരിക്കണം. ഇതിനുള്ള മാർഗ്ഗം Unit 26 ൽ വിശദമാക്കുന്നതാണ്.

---

● കുറിപ്പ്: സംശയങ്ങൾ ഗ്രൂപ്പിൽത്തന്നെ ചോദിക്കുക. Personal Messages ദയവായി ഒഴിവാക്കുക

**രജിസ്റ്റർ ചെയ്യുന്നതിനും വാട്സ്ആപ്ഗ്രൂപ്പിൽ ചേരുന്നതിനും മുൻ യൂണിറ്റ് ഫയലുകൾക്കും**

**ഇവിടെ ക്ലിക്ക് ചെയ്യുക**

--Vijayan Rajapuram, Co-ordinator Schoolwiki,